## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1443** — **14.06.2013-ൽ മറുപടിക്ക്**

### നാളീകേര - റൈസ് ബയോ പാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ. വി.ഡി. സതീശൻ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നാളീകേര - റൈസ് ബയോ പാർക്കുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) 1. നെല്ലിന്റേയും തെങ്ങിന്റെയും വൈവിദ്ധ്യ മാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോൽസാഹിപ്പിക്കുക<br>2. നെല്ലിന്റേയും തെങ്ങിന്റെയും ഭക്ഷ്യയോഗ്യമായ ഉല്പന്നങ്ങളെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുക<br>3. മെച്ചപ്പെട്ട വില സ്ഥിരത<br>4.സ്ഥിരമായ കമ്പോള താല്പര്യം നിലനിർത്തൽ<br>5. കയറ്റുമതി രംഗത്ത് സാദ്ധ്യതകളും പുരോഗതിയും.<br>6. ജി.ഡി.പി. ക്ക് നെല്ലുല്പാദനത്തിൽ നിന്നുള്ള മൊത്തമായ സംഭാവന |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | സി) കൃഷി ഡയറക്ടറേറ്റ്, കെ.എസ്.ഐ.ഡി.സി. , കിൻഫ്രാ, കർഷക സഹകരണ സംഘങ്ങൾ, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ്, പാടശേഖര സമിതി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നോഡൽ ഏജൻസിയായി കേരള കാർഷിക സർവ്വകലാശാലയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

| | |
|---|---|
| ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | 24/05/2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.170/2013/കൃഷി പ്രകാരം സംസ്ഥാനത്ത് അഗ്രി ബയോപാർക്ക്സ്, കേരള എന്ന പേരിൽ റൈസ് ബയോപാർക്കിനും കോക്കനട്ട് ബയോ പാർക്കിനും ഒരു എസ്.പി.വി. (Special Purpose Vehicle) രൂപീകരിക്കുവാനും ആയതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസും റഗുലേഷനുകളും അംഗീകരിക്കുവാനും റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലനിർണ്ണയ കമ്മിറ്റി നിർദ്ദേശിച്ച കുട്ടനാട്, പാലക്കാട് എന്നീ സ്ഥലങ്ങളും കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനായി സതേൺ റീജിയണിൽ കൊല്ലം ജില്ലയിലെ അഞ്ചലിലുള്ള ജില്ലാ കൃഷിത്തോട്ടവും സെൻട്രൽ റീജിയണിൽ തൃശ്ശൂർ ജില്ലയിലെ ചേലക്കരയിലുള്ള ജില്ലാ കൃഷിത്തോട്ടവും നോർത്തേൺ റീജിയണിൽ കണ്ണൂർ ജില്ലയിലെ ആറളം ഫാം എന്നീ സ്ഥലങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. |

Sreeja

സെക്ഷൻ ആഫീസർ